# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5652 29/07/2015-ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വില്ലേജുകൾ**

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ): | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) സംസ്ഥാനത്ത് എത്ര ഫിഷറീസ് വില്ലേജുകൾ ഉണ്ട്; അതിൽ എത്ര വില്ലേജുകൾ കാസർഗോഡ് ജില്ലയിൽ ഉണ്ട്; | (എ) | സംസ്ഥാനത്ത് തീരദേശമേഖലയിൽ 222 ഫിഷറീസ് വില്ലേജുകളും ഉൾനാടൻ മേഖലയിൽ 113 ഫിഷറീസ് വില്ലേജുകളും ഉണ്ട്. കാസർഗോഡ് ജില്ലയിൽ ആകെ 18 ഫിഷറീസ് വില്ലേജുകൾ ഉണ്ട്. |
| (ബി) ഫിഷറീസ് ഗ്രാമങ്ങളിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ, ഭവനനവീകരണം/ ടോയിലറ്റ് നിർമ്മാണം ധനസഹായം പദ്ധതികൾ എന്നിവയും കുടിവെള്ളം, വൈദ്യുതീകരണം, ലൈബ്രറി, ജീവനോപാധി പദ്ധതികൾ തുടങ്ങിയ സാമൂഹിക ആരോഗ്യ വിദ്യാഭ്യാസ മത്സ്യബന്ധന അടിസ്ഥാന സൗകര്യ വികസന പദ്ധതികളും മത്സ്യ ഗ്രാമങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**